# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വണ്ടാഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA PKD.18-1345/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 21/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വണ്ടാഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA PKD.18-1345/2022 തീയ്യതി: 21/07/2022

## പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 28-11-2019 മുതൽ 31-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഇ. ശശിഭൂഷൻ | ഡെപ്യൂട്ടിഡയറക്ടർ | 01-06-2022 | 09-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-06-2022 | 09-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രേമാനന്ദ്. എസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി. സരിത. പി, സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി. ഗീത.കെ , ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സുമാവലി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| മോഹൻദാസ് | | | |
| ശ്രീ. കെ.രാധാകൃഷ്ണൻ | സെക്രട്ടറി | 01-04-2019 | 31-05-2019 |
| ശ്രീ.കെ.ജി.സജീവ് കുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2019 | 17-07-2019 |
| ശ്രീ. എം.സാജൻ | സെക്രട്ടറി | 18-07-2019 | 05-11-2019 |
| ശ്രീമതി. അന്ന അലക്സ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-11-2019 | 18-11-2019 |
| ശ്രീ. എം. സാജൻ | സെക്രട്ടറി | 19-11-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ.ജി. സജീവ് കുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 20-07-2019 |
| ശ്രീമതി. അന്ന അലക്സ് | അസിസ്റ്റന്റ് സെക്രട്ടറി | 21-07-2019 | 31-03-2020 |
| ശ്രീ.ഗൗതം.എൽ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. ഉല്ലാസ് തോമസ് | മെഡിക്കൽ ഓഫീസര്, സി.എച്ച്. സി | 01-04-2019 | 31-03-2020 |
| ഡോ. എ. കെ.മഹേഷ് | മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം))) | 01-04-2019 | 31-03-2020 |
| ശ്രീമതി. ടി.പി. ശ്രീലത | പ്രധാനാധ്യാപിക | 01-04-2019 | 31-03-2020 |
| ഡോ.അരുണാകരോളിൻ | മെഡിക്കൽ ഓഫീസർ ( ആയുഷ്) | 01-04-2019 | 31-03-2020 |
| ശ്രീമതി. ഷീജമോൾ.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർI | 01-04-2019 | 31-03-2020 |
| ശ്രീ. കൃഷ്ണകുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർII | 01-04-2019 | 31-03-2020 |
| ശ്രീമതി. ജയലക്ഷ്മി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 19-12-2019 |
| ശ്രീമതി.താജുമ്മ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 20-12-2019 | 31-03-2020 |
| ശ്രീമതി.മോഹിന. എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 16-07-2019 |
| ശ്രീ.ബിന്ദു. ബി.എ | അസിസ്റ്റന്റ് എഞ്ചിനീയർ | 17-07-2019 | 06-01-2020 |
| ശ്രീ. അനൂപ് | അസിസ്റ്റന്റ് എഞ്ചിനീയർ | 07-01-2020 | 31-03-2020 |
| ഡോ. കിഷോർമാത്യൂ | വെറ്ററിനറി സർജ്ജൻ | 01-04-2019 | 01-08-2019 |
| ഡോ.സി.യു.സജിത് | വെറ്ററിനറി സർജ്ജൻ | 02-08-2019 | 31-03-2020 |

| | | | |
|---|---|---|---|
| കുമാർ | | | |
| ശ്രീ. കെ. സി രാമകൃഷ്ണൻ | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2019 | 06-02-2020 |
| ശ്രീ. രാജേഷ്. എൻ | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 07-02-2020 | 31-03-2020 |
| ശ്രീമതി.രശ്മി.ജെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 20-01-2020 |
| ശ്രീമതി.നാൻസി കെ വർഗ്ഗീസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 21-01-2020 | 30-01-2020 |
| ശ്രീ.ജയപ്രകാശ് . സി. സി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 31-01-2020 | 27-02-2020 |
| ശ്രീമതി.രശ്മി.ജെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 28-02-2020 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Geetha K (Auditor, On 02-06-2022)<br>Last Updated By: Geetha K (Auditor, On 09-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: S. Premanand (Audit Officer, On 08-06-2022)<br>Last Updated By: Anish A (Computer Assistant, On 21-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: S. Premanand (Audit Officer, On 01-06-2022)<br>Last Updated By: Anish A (Computer Assistant, On 21-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: S. Premanand (Audit Officer, On 01-06-2022)<br>Last Updated By: Anish A (Computer Assistant, On 21-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: S. Premanand (Audit Officer, On 10-06-2022)<br>Last Updated By: Anish A (Computer Assistant, On 21-07-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: S. Premanand (Audit Officer, On 02-06-2022)<br>Last Updated By: S. Premanand (Audit Officer, On 02-06-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Saritha P (Senior Grade Auditor, On 13-06-2022)<br>Last Updated By: Saritha P (Senior Grade Auditor, On 13-06-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Geetha K (Auditor, On 13-06-2022)<br>Last Updated By: Geetha K (Auditor, On 13-06-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: S. Premanand (Audit Officer, On 14-06-2022)<br>Last Updated By: Anish A (Computer Assistant, On 21-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Saritha P (Senior Grade Auditor, On 13-06-2022)<br>Last Updated By: Anish A (Computer Assistant, On 21-07-2022) | 1-10 |
| 11 | എം.എസ്.എം.ഇ സ്ഥാപനത്തിൽ നിന്നും അധികം വസ്തു നികുതി ഈടാക്കി<br>Written By: Geetha K (Auditor, On 13-06-2022)<br>Last Updated By: Anish A (Computer Assistant, On 21-07-2022) | 1-11 |
| 12 | തിണ്ടില്ലം (പാലക്കുഴി) ഹൈഡ്രോ ഇലക്ട്രിക് പദ്ധതി- ലാഭവിഹിതം ഉറപ്പാക്കിയിട്ടില്ല<br>Written By: Saritha P (Senior Grade Auditor, On 13-06-2022)<br>Last Updated By: Anish A (Computer Assistant, On 21-07-2022) | 1-12 |
| 13 | മംഗലം ഡാമിൽ തുമ്പൂർമൊഴി മോഡൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ -പദ്ധതി പൂർത്തിയാക്കിയിട്ടില്ല<br>Written By: Saritha P (Senior Grade Auditor, On 13-06-2022)<br>Last Updated By: Anish A (Computer Assistant, On 21-07-2022) | 1-13 |
| 14 | പെൻസിൽ കാമ്പെൻ സംഘടിപ്പിക്കുന്നതിനായുള്ള ചെലവുകൾ കിലയിൽ നിന്നും തിരികെ ഈടാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്<br>Written By: Saritha P (Senior Grade Auditor, On 13-06-2022)<br>Last Updated By: Anish A (Computer Assistant, On 21-07-2022) | 1-14 |
| 15 | ന്യൂട്രിമിക്സ് വാങ്ങൽ- ജി.എസ്.ടി- ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു<br>Written By: Saritha P (Senior Grade Auditor, On 13-06-2022)<br>Last Updated By: Anish A (Computer Assistant, On 21-07-2022) | 1-15 |
| 16 | ബിറ്റുമെൻ ബാരൽ വില ഈടാക്കാത്തത് | 1-16 |

| | | |
|---|---|---|
| | Written By: S. Premanand (Audit Officer, On 14-06-2022)<br>Last Updated By: Anish A (Computer Assistant, On 21-07-2022) | |
| 17 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണം വൈകിയതിന് പിഴ ഈടാക്കിയില്ല.<br>Written By: S. Premanand (Audit Officer, On 14-06-2022)<br>Last Updated By: Anish A (Computer Assistant, On 21-07-2022) | 1-17 |
| 18 | പ്രവൃത്തി പൂർത്തീകരിച്ച ശേഷം മാത്രം എസ്റ്റിമേറ്റ് പുതുക്കുന്നതിന് അനുമതി തേടുന്നത്<br>Written By: S. Premanand (Audit Officer, On 14-06-2022)<br>Last Updated By: Anish A (Computer Assistant, On 21-07-2022) | 1-18 |
| ഭാഗം 2 | | |
| --- No Records Found --- | | |
| ഭാഗം 3 | | |
| 1 | ബിറ്റുമെൻ ബാരൽ വില ഈടാക്കാത്തത്<br>Written By: S. Premanand (Audit Officer, On 04-07-2022)<br>Last Updated By: Anish A (Computer Assistant, On 21-07-2022) | 3-1 |
| ഭാഗം 4 | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: S. Premanand (Audit Officer, On 04-06-2022)<br>Last Updated By: Anish A (Computer Assistant, On 21-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Saritha P (Senior Grade Auditor, On 01-06-2022)<br>Last Updated By: Anish A (Computer Assistant, On 21-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: S. Premanand (Audit Officer, On 14-06-2022)<br>Last Updated By: Anish A (Computer Assistant, On 21-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: S. Premanand (Audit Officer, On 04-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 21-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Saritha P (Senior Grade Auditor, On 10-06-2022)<br>Last Updated By: Anish A (Computer Assistant, On 21-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: S. Premanand (Audit Officer, On 04-06-2022)<br>Last Updated By: Anish A (Computer Assistant, On 21-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: S. Premanand (Audit Officer, On 08-06-2022)<br>Last Updated By: S. Premanand (Audit Officer, On 08-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: S. Premanand (Audit Officer, On 08-06-2022)<br>Last Updated By: S. Premanand (Audit Officer, On 08-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: S. Premanand (Audit Officer, On 08-06-2022)<br>Last Updated By: Anish A (Computer Assistant, On 21-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: S. Premanand (Audit Officer, On 14-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 21-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: S. Premanand (Audit Officer, On 04-06-2022)<br>Last Updated By: Anish A (Computer Assistant, On 21-07-2022) | 4-11 |
| അനുബന്ധം | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വിവിധ പത്രികകൾ |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

26.02.2019-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1/1 പ്രകാരം 2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 15984937 |
| പ്രതീക്ഷിത വരവ് | 433407000 |
| ആകെ വരവ് | 44391937 |
| ചെലവ് | 420250000 |
| നീക്കിയിരിപ്പ് | 29141937 |

29.02.2020 തീയതിയിലെ 8/1 തീരുമാനപ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 31.05.2020 | ബാധകമല്ല | ബാധകമല്ല |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15791676 |
| വരവ് | 88125417 |
| ആകെ | 103917093 |
| ചെലവ് | 86748440 |
| നീക്കിയിരിപ്പ് | 17168653 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 14705765 | 14705765 | 14,092,556 | 613209 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്- എസ്.സി.പി | 0 | 9445941 | 9445941 | 3923876 | 5522065 |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 824294 | 824294 | 503125 | 321169 |
| മെയിന്റനൻസ്, റോഡ് | 0 | 12424000 | 12424000 | 5598259 | 6825741 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 4813000 | 4813000 | 4317283 | 495717 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Untied | 0 | 12648118 | 12648118 | 5352639 | 7295479 |
| സാക്ഷരത | 2056 | 24 | 2080 | 0 | 2,080 |
| ആകെ- MGNREGS | 9893 | 21514537 | 21524430 | 21520530 | 3900 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ TSC | 2389237 | 21,141 | 2410378 | 331669 | 2,078,709 |
| ഹരിയാലി | 4819 | 180 | 4999 | 0 | 4,999 |
| ICDS | 1601691 | 282,438 | 1884129 | 609928 | 1,274,201 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 14,181,825 | 14,181,825 | 14,181,825 | 0 |
| നിർമ്മൽ പുരസ്കാരം | 206868 | 0 | 206868 | 51881 | 154,987 |
| വിമുക്തി | 29849 | 0 | 29849 | 0 | 29849 |
| കില – ദുരന്തനിവാരണ പദ്ധതി പരിശീലനം | 0 | 40001 | 40001 | 40001 | 0 |

മേൽ പട്ടികയിലെ തുകകൾ കൂടാതെ സർക്കാർ ഉത്തരവുകൾ പ്രകാരം രൂപീകരിച്ച പ്രൊജക്ടുകൾക്കായി ഉറവിടത്തിൽ നിന്നും കുറവുചെയ്യപ്പെട്ട വികസന ഫണ്ടിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പരും പേരും | ഫണ്ടിനം | കുറവുചെയ്ത തുക |
|---|---|---|
| 290/20: സമ്പൂർണ്ണ പാർപ്പിട പദ്ധതി (ലൈഫ് മിഷൻ) ഹഡ്കോ വായ്പ | വികസന ഫണ്ട്-ജനറൽ | 919118 |
| 293/20: ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | വികസന ഫണ്ട്-ജനറൽ | 919117 |
| | ആകെ - വികസന ഫണ്ട് - ജനറൽ | 1838235 |
| 290/20: സമ്പൂർണ്ണ പാർപ്പിട പദ്ധതി (ലൈഫ് മിഷൻ) ഹഡ്കോ വായ്പ | വികസന ഫണ്ട്-എസ്.സി.പി | 73529 |
| 294/20: ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | വികസന ഫണ്ട്-എസ്.സി.പി | 73530 |
| | ആകെ - വികസന ഫണ്ട് - എസ്.സി.പി | 147059 |
| 292/20: സമ്പൂർണ്ണ പാർപ്പിട പദ്ധതി (ലൈഫ് മിഷൻ) ഹഡ്കോ വായ്പ | വികസന ഫണ്ട്-ടി.എസ്. പി | 7353 |
| 295/20: ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | വികസന ഫണ്ട്-ടി.എസ്. പി | 7353 |
| | ആകെ - വികസന ഫണ്ട് - ടി.എസ്.പി | 14706 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 243 | 129518561 | 143 | 63135251 | 0 | 100 | 58.85 |

പദ്ധതി നടത്തിപ്പിന്റെ നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കി തുക ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 7801500 | 2 | 3891308 | 49.88 |
| വെറ്ററിനറി സർജൻ | 5 | 3347000 | 4 | 201750 | 6.03 |
| മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 4 | 1151000 | 4 | 1034838 | 89.91 |
| മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 4 | 650000 | 3 | 600000 | 92.31 |
| വി.ഇ.ഒ-1 | 2 | 21266112 | 2 | 9050217 | 42.56 |
| വി.ഇ.ഒ-2 | 5 | 17400880 | 5 | 12877720 | 74.01 |
| ICDS സൂപ്പർവൈസർ | 10 | 6056750 | 8 | 3438065 | 56.76 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 800000 | 0 | 0 | 0 |
| ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 41 | 13612185 | 28 | 6825528 | 50.14 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 146 | 49220264 | 71 | 19838053 | 40.3 |
| ഹെഡ് മാസ്റ്റർ | 10 | 2790420 | 7 | 1828235 | 65.52 |
| അസിസ്റ്റന്റ് സെക്രട്ടറി | 12 | 5422450 | 9 | 3549537 | 65.46 |
| | 243 | 129518561 | 143 | 63135251 | 48.75 |

വെറ്ററിനറി സർജൻ ഗുണഭോക്തൃവിഹിതം മാത്രമാണ് ചെലയവഴിച്ചത്. പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും വകയിരുത്തിയ ₹635000/-, വികസന ഫണ്ട് (എസ്.സി.പി) വകയിരുത്തിയ ₹1557250/- എന്നീ തുകകൾ ചെലവഴിച്ചിട്ടില്ല. മെഡിക്കൽ ഓഫീസർമാർ മാത്രമാണ് 90% തുക ചെലവഴിച്ചത്. അംഗീകാരം ലഭ്യമാകുന്ന പ്രൊജക്ടുകൾ അതാത് വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണ്. പ്രൊജക്ടുകൾ ആവിഷ്കരിക്കുമ്പോഴും ഫണ്ട് വകയിരുത്തുമ്പോഴും ശ്രദ്ധയോടെ കാര്യങ്ങൾ തീരുമാനിക്കേണ്ടതാണ്. പദ്ധതി മാർഗരേഖയിലെ മാനദണ്ഡങ്ങൾ പാലിക്കുന്നതിലും പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്. പദ്ധതി ചെലവുകൾ ഓരോ മാസവും അപഗ്രഥിക്കുകയും നടപ്പാക്കാനാകാത്ത പ്രൊജക്ടുകൾക്കുള്ള തുകകൾ മറ്റ് പ്രൊജക്ടുകൾക്ക് വിനിയോഗിക്കുന്ന വിധത്തിൽ ആസൂത്രണം നടത്തുകയും വേണം. 2019-20ൽ സർക്കാരിൽ ലഭ്യമായ ഗ്രാന്റുകൾ ചെലവഴിക്കാതെ ബാക്കിയായതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | ചെലവഴിക്കാതെ ബാക്കിയായത് |
|---|---|
| വികസന ഫണ്ട്-ജനറൽ | 613209 |
| വികസന ഫണ്ട്-എസ്.സി.പി | 5522065 |
| വികസന ഫണ്ട്-ടി.എസ്.പി | 321169 |
| മെയിന്റനൻസ്, നോൺ-റോഡ് | 495717 |
| മെയിന്റനൻസ് - റോഡ് | 6825741 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 7295479 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ഭരണ സമിതിയും കൂട്ടായി പ്രയത്നിച്ച് സർക്കാരിൽ നിന്നും ലഭ്യമാവുന്ന ഗ്രാന്റുകൾ അതാതുവർഷം തന്നെ ചെലവഴിച്ച് ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1108809 | 1108809 | 1108809 | 0 |
| ബാങ്ക് പലിശ, ചെലവ് | 9893 | 5392 | 15285 | 11385 | 3900 |
| Unskilled Wages | 0 | 15788418 | 15788418 | 15788418 | 0 |
| Skilled/Semi Skilled Wages | 0 | 1126590 | 1126590 | 1126590 | 0 |
| Materials | 0 | 3485328 | 3485328 | 3485328 | 0 |
| ആകെ | 9893 | 21514537 | 21524430 | 21520530 | 3900 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 81600 | 72 |
| കർഷകതൊഴിലാളി പെൻഷൻ | 3420600 | 1999 |
| വിധവാപെൻഷൻ | 8629200 | 4225 |
| വാർദ്ധക്യകാലപെൻഷൻ | 13926900 | 7011 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 2097800 | 1093 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിത പെൻഷൻ | 385200 | 180 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.06.2022 ന് 3.09 Pm ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7995/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ട് സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടു പോകുന്നതിൽ ശ്രദ്ധിക്കുന്നുണ്ട്. വരവു ചെലവു കണക്കുകൾ സൂക്ഷിക്കുന്നതിൽ സൂക്ഷ്മത പുലർത്തുകയും കൃത്യമായ വാർഷിക കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കുന്നതിൽ ശ്രദ്ധിക്കുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷം വസ്തുനികുതി പിരിവ് 100% ശതമാനത്തിലെത്തിക്കാൻ സാധിച്ചില്ലെങ്കിലും തൊട്ടടുത്ത വർഷം 100% പിരിവ് കൈവരിച്ചിട്ടുണ്ട്. വാടകയിനത്തിലെ പഴയകാല കുടിശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. വിവിധ പദ്ധതികളുടെ നടത്തിപ്പിനായി മുൻകൂർ തുക നൽകിയതിന്റെ വിനിയോഗം ഉറപ്പാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്. ലൈസൻസ് അപേക്ഷകളിലെയും റിപ്പോർട്ടിങ്ങിലെയും പോരായ്മകൾ തൊട്ടടുത്ത വർഷം പരിഹരിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.05.22 & 13.05.22 | ഏപ്രിൽ 2022 | 13.05.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.01.17 മുതൽ 07.02.17 വരെ | 2011 മുതൽ 2015-16 | 07.04.2017 |

പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടിലെ ആക്ഷൻ പോയിന്റുകളുടെ മേൽ നടപടികൾ സ്വീകരിക്കുന്നുണ്ട്.

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക ഭാഗം IIബി ഖണ്ഡിക I-3, Iii, Iv, ഖണ്ഡിക III- Iii എന്നിവ തീർപ്പാക്കാനുണ്ട്.

ഓഡിറ്റ് റിപ്പോർട്ടുകളിൻ മേൽ സമയബന്ധിത മറുപടി സ്വീകരിക്കേണ്ടതാണ്.

## 1-11 എം.എസ്.എം.ഇ സ്ഥാപനത്തിൽ നിന്നും അധികം വസ്തു നികുതി ഈടാക്കി

എസ്.ആർ.ഒ നം.100/2015 (സ.ഉ(അ)നം.36/2015/തസ്വഭവ തിയതി 24-02-2015) പ്രകാരം എം.എസ്.എം.ഇ വിഭാഗത്തിലെ കെട്ടിടങ്ങൾക്കുള്ള കൂടിയതും കുറഞ്ഞതുമായ വസ്തു നികുതി നിരക്ക് സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ആയതിനനുസൃതമായി ഈ വിഭാഗത്തിലെ കെട്ടിടങ്ങൾക്ക് വണ്ടാഴി ഗ്രാമപഞ്ചായത്തിൽ ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് 15 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചതിൽ

ഗ്രാമപഞ്ചായത്ത് പരിധിയിൽ കേന്ദ്ര സർക്കാരിന്റെ MSME Development Act, 2006 പ്രകാരം MSME മന്ത്രാലയത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗ് ആധാർ മെമ്മോറാണ്ടം ഉള്ള ഒരു സ്ഥാപനത്തിന്റെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതിയിനത്തിൽ അധിക തുക ഈടാക്കി വരുന്നതായി കണ്ടെത്തി. സ്ഥാപനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സ്ഥാപനത്തിന്റെ പേര്: മെക്പ്ലാസ്റ്റ്, പുന്നക്കൽ പറമ്പ്, മുടപ്പല്ലൂർ (പി.വി.സി റോ മെറ്റീരിയൽ ബ്ലെന്റിംഗ് യൂണിറ്റ്)

ഫയൽ നമ്പർ എ4-6285/19 തീയതി 25.11.2019
ഉദ്യോഗ് ആധാർ മെമ്മോറാണ്ടം നമ്പർ. CQYPB5798N

കെട്ടിട നമ്പർ 2/635

കെട്ടിടത്തിന്റെ വിസ്തീർണ്ണം - 263.77 ച.മീ

പി.വി.സി റോ മെറ്റീരിയൽ ബ്ലളന്റിംങ്ങ് യൂണിറ്റ് നടത്തുന്ന ഈ സ്ഥാപനത്തിനെ 'ഇതര വ്യവസായങ്ങൾ' എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി 11079/- രൂപ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട വസ്തുനികുതി ചുവടെ ചേർക്കുന്നു.

263.77 * 15 = 3957

വർദ്ധനവ് (വഴി സൗകര്യം)- 20%-791

ഇളവ്- 20% -791

BT-3957
LC- 198

Total- 4155

അധികം നിശ്ചയിച്ചത് - 11079-4155 = 6924/-

മേൽ സൂചിപ്പിച്ച കെട്ടിടത്തെ സഞ്ചയ സോഫ്റ്റ്വെയറിൽ തെറ്റായി നികുതി നിർണ്ണയിച്ചതു വഴി നികുതി വരവിൽ അധികം ഈടാക്കിയതായി കണ്ടെത്തി. ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണം നം.3/06-06-2022 ന് എം.എസ്.എം.ഇ വിഭാഗത്തിലെ കെട്ടിടങ്ങളക്ക് ഒരു ച.മീ വിസ്തൃതിക്ക് 15/- നിരക്ക് നിശ്ചയിച്ചിട്ടുള്ളതാണ് എന്ന് അറിയിച്ചിട്ടുണ്ട്. കെട്ടിട നിരക്ക് നമ്പർ അനുവദിക്കുന്ന സമയത്ത് സഞ്ചയ സോഫ്റ്റ്വെയറിൽ എൻട്രി വരാത്തതിനാലാണ് എം.എസ്.എം.ഇ പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾക്ക് അനുവദിച്ച നികുതി നിരക്കിൽ നിശ്ചയിക്കാൻ കഴിയാതിരുന്നത്.

ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ നമ്പർ കെട്ടിടത്തിന്റെ വസ്തു നികുതി നിരക്ക് മൈക്രോ സ്മോൾ അന്റ് മീഡിയം എന്റർപ്രൈസസ് ഡവലപ്മെന്റ് ആക്ട്, 2006(2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടത്തിലുള്ള നികുതി നിരക്കിൽ പുനർനിശ്ചയിച്ച് ആയതിന്റെ ഫോറം 6 സമർപ്പിച്ചിട്ടുണ്ട്.

ചൂണ്ടികാണിച്ച അപാകത പരിഹരിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമായും പരിഹരിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

## 1-12 തിണ്ടില്ലം (പാലക്കുഴി) ഹൈഡ്രോ ഇലക്ട്രിക് പദ്ധതി- ലാഭവിഹിതം ഉറപ്പാക്കിയിട്ടില്ല

പ്രോജക്ട് നം. 174/20 (തിണ്ടില്ലം ഹൈഡ്രോ ഇലക്ട്രിക് പദ്ധതി-വിഹിതം നൽകൽ)
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
അടങ്കൽ -200000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )
ചെലവ് -200000 (ബിൽ നം 24/27.12.2019)

തിണ്ടില്ലം (പാലക്കുഴി) ഹൈഡ്രോ ഇലക്ട്രിക് പദ്ധതിക്കായി മേൽപറയും പ്രകാരമുള്ള തുക പാലക്കാട് ജില്ലാപഞ്ചായത്തിലേക്ക് കൈമാറിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കുവാൻ

ലക്ഷ്യമിട്ട് ആവിഷ്കരിച്ചിട്ടുള്ള ജലവൈദ്യുത പദ്ധതി നിലവിൽ പൂർത്തീകരിച്ചിട്ടില്ല. എന്നാൽ വിഹിതം നൽകിയ സ്ഥാപനം എന്ന നിലയിൽ പദ്ധതിയുടെ പൂർത്തീകരണത്തിനു ശേഷം ലാഭവിഹിതം ഉറപ്പാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതും നൽകിയ തുക യ്ക്കുള്ള ഷെയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കി സൂക്ഷിക്കേണ്ടതും ഷെയർ വാല്യൂ ഗ്രാമപഞ്ചായത്ത് വാർഷിക ധനകാര്യപത്രികയുടെ ഇൻവെസ്റ്റ്മെന്റ് ഹെഡിൽ കൊണ്ടുവരേണ്ടതുമാണ്.

ലാഭവിഹിതം ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 4/06.06.2022 ന് മറുപടി ലഭ്യമായിട്ടില്ല)

## 1-13 മംഗലം ഡാമിൽ തുമ്പൂർമൊഴി മോഡൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ -പദ്ധതി പൂർത്തിയാക്കിയിട്ടില്ല

പ്രോജക്ട് നം -201/20 (മംഗലം ഡാമിൽ തുമ്പൂർമൊഴി മോഡൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ)

അടങ്കൽ-551760

ചെലവ് - 551760 (TSC ഫണ്ട്- Cheque No-991202/23.01.20)

ശുചിത്വമിഷന്റെ സാങ്കേതികാനുമതിയോടെ മുണ്ടൂർ IRTC മുഖേനയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 2 എയ്റോബിക് ബിൻ, ഷെഡ്, എന്നിവയുടെ നിർമ്മാണത്തിനും മറ്റു ചെലവുകൾക്കുമായി ആകെ 551760/- രൂപയാണ് എസ്റ്റിമേറ്റ്. രസീത് നം. 1480/23.01.2020 പ്രകാരം 551760/- രൂപ കൈപ്പറ്റിയതായി 04.03.2020 ന് IRTC പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് സെക്രട്ടറി ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും IRTC-PIU സെക്രട്ടറിയും തമ്മിലുള്ള നം. 12/20 തീയതി 18.01.2020 ധാരണാപത്രം പ്രകാരം അടങ്കൽ തുക അഡ്വാൻസായി കൈപ്പറ്റിയ തീയതി മുതൽ പരമാവധി 6 മാസത്തെ സമയപരിധിക്കുള്ളിൽ പ്രവർത്തി പൂർത്തീകരിക്കേണ്ടതാണ്. ആയതു പ്രകാരം 22.07.2020നകം പ്രവർത്തി പൂർത്തീകരിക്കേണ്ടതാണെങ്കിലും നാളിതു വരെയും പൂർത്തീകരിച്ചിട്ടില്ല.

ഡാം റിസർവ്വോയർ പരിസരത്ത് ഇറിഗേഷൻ വകുപ്പിന്റെ അനുമതിയോടെയും നിബന്ധകളോടെയും ആണ് പദ്ധതി നടപ്പിലാക്കുന്നത്.

പ്ലാന്റ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യം വിശദമാക്കുന്നതിന് നടത്തിയ ഓഡിറ്റ് അന്വേഷണത്തിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട് (അന്വേഷണം നം.5/06.06.2022). ആയതു പ്രകാരം കോവിഡ് വ്യാപനം മൂലം പ്രവർത്തി ആരംഭിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളതായും നിലവിൽ ലിന്റൽ വരെയുള്ള നിർമ്മാണ പ്രവർത്തികൾ നടത്തിയിട്ടുണ്ടെന്നും ജൂലൈ 15 ന് മുമ്പായി പ്രവർത്തനം പൂർത്തീകരിക്കുമെന്നും ഐ. ആർ.ടി. സി അറിയിച്ചിട്ടുള്ള വിവരം നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പ്ലാന്റ് നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തികൾ ഉറപ്പുവരുത്തേണ്ടതാണ്.

2. Agreement No. 02/19-20 Dated 26.12.2019 ആലത്തൂർ കനാൽ സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും തമ്മിലുള്ള ഉടമ്പടി അനുസരിച്ച് ജലമലിനീകരണമോ പരിസര മലിനീകരണമോ ഇല്ലാതെ പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-14 പെൻസിൽ കാമ്പൈൻ സംഘടിപ്പിക്കുന്നതിനായുള്ള ചെലവുകൾ കിലയിൽ നിന്നും തിരികെ ഈടാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്

Payment Of Pencil Campaign From Own Fund

വൗച്ചർ നം 21900212/12.06.19

(ചെക്ക് നം 2082/12.06.2019 , കോ-ഓപ്പറേറ്റീവ് ബാങ്ക് -തനത് ഫണ്ട്)

ഹരിതകേരള മിഷൻ കില മുഖേന നടപ്പിലാക്കുന്ന കുട്ടികളുടെ ആരോഗ്യജാഗ്രത-പെൻസിൽ-അവധിക്കാല പരിശീലനക്യാമ്പ് നടത്തുന്നതിനായി ഗ്രാമപഞ്ചായത്തിന് 4787/- രൂപ ചെലവായിട്ടുണ്ട്. 63 കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് 16.05.2019 ൽ ഗ്രാമപഞ്ചായത്ത് ക്യാമ്പ് നടത്തിയിട്ടുണ്ട്. ഹരിതകേരളം മിഷന്റെ നം.എ3/424/എച്ച്. കെ. എം/2018 തീയതി കത്ത് പ്രകാരം ഗ്രാമപഞ്ചായത്തുകൾ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടെ വൗച്ചറുകൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകേണ്ടതും ഡി.ഡി.പി മുഖേന ചെലവു തുക ഗ്രാമപഞ്ചായത്തുകൾക്ക് തിരികെ ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 28.05.2019 ലെ യോഗത്തിൽ അജണ്ട 16 തീരുമാനം 1 പ്രകാരം വൗച്ചറുകൾ കിലക്ക് സമർപ്പിച്ച് തുക തിരികെ ലഭ്യമാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെങ്കിലും നടപടികൾ സ്വീകരിച്ചിട്ടില്ല.

ചെലവു വിവരങ്ങൾ ഡി.ഡി.പി.ക്ക് നൽകിയതിന്റെയോ, തുക തിരികെ ഈടാക്കിയതിന്റെയോ രേഖകൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (നം. 6/.07.06.22)

തുക ക്രമീകരിച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-15 ന്യൂട്രിമിക്സ് വാങ്ങൽ- ജി.എസ്.ടി- ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്റ്റ് നം. 4/20,

(അങ്കണവാടി പോഷകാഹാരം ജനറൽ)

അടങ്കൽ -2600000

ആകെ ചെലവ് -135841

പദ്ധതിക്കായി അങ്കണവാടികളിലേക്കുള്ള അമൃതം ന്യൂട്രിമിക്സ് ഹരിത കുടുംബശ്രീ യൂണിറ്റ്, നെന്മാറ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല. തുക നൽകിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നമ്പർ/തീയതി | തുക ( ജി.എസ്.ടി ഒഴികെയുള്ള തുക) | ബിൽ നം. / തീയതി |
|---|---|---|---|
| 1 | 727/22.02.2019 | 71858 | ആകെ ബിൽ തുക-618690<br>ബിൽ നം. 1/30.07.19 |
| 2 | 765/25.03.2019 | 83834 | |
| 3 | 830/27.04.19 | 68640 | |
| 4 | 870/29.05.19 | 86086 | |
| 5 | 894/29.06.19 | 80795 | |
| 6 | 735/22.02.19 | 26955 | |
| 7 | 772/25.03.19 | 26955 | |
| ആകെ | | 445123 | |

അക്കൗണ്ട് നമ്പർ- കാനറാ ബാങ്ക്, നെന്മാറ- 0744201000118

GST IN- 32AAHFH3926M1Z9

സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും 1% തുക കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST, SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.

മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ലാത്ത വിവരം ഓഡിറ്റ് അന്വേഷണം നം.7/9.06.22 മുഖേന നിർവ്വഹണോദ്യോഗസ്ഥന്റെ

ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുണ്ട്. ആയതിന് മറുപടിയായി ന്യൂട്രിമിക്സ് വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റ് ജി.എസ്.ടി-ടി.ഡി.എസ് നടത്തിയിട്ടുള്ള വിവരം രേഖകൾ സഹിതം അറിയിച്ചിട്ടുണ്ട്.

